കോട്ടയം ജില്ലയിലെ എലിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	ശ്രീ. കുരുവിള ജോസഫ് എം., ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം	എൽ.എഫ്.കെ.പി.14/ജി.പി.9/2013 തീ.31.12.2013

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഗ്രാമ പഞ്ചായത്തിന്റെ 2012-13 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി.

ഗ്രാമ പഞ്ചായത്തിന്റെ 16.6.13 മുതൽ 10.12.14 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും
11.12.2014 മുതൽ 20.12.2014 വരെ	ശ്രീമതി മായാ മാധവൻ നായർ, ഓഡിറ്റ് ഓഫീസർ, ശ്രീമതി അനിതാകുമാരി കെ.എ, ശ്രീമതി മായാ ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർമാർ ശ്രീമതി കൊച്ചുമോൾ എം. ശ്രീമതി ജിജി ജോർജ്ജ്,സീനിയർ ഗ്രേഡ് ഓഡിറ്റർമാർ

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്	സാജൻ തോമസ് (1.4.2012 മുതൽ 31.3.2013 വരെ)
സെക്രട്ടറി	വി.ജി.ജയകുമാർ,(1.4.2012 മുതൽ 21.1.2013 വരെ)
	മോഹൻ കുമാർ ജെ.എസ്.(21-1-13 മുതൽ 31.3.13 വരെ)

സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

വികസനകാര്യം	കെ.പി.കരുണാകരൻ നായർ
ക്ഷേമ കാര്യം	ഏലിയാമ്മ എബ്രഹാം
ആരോഗ്യ വിദ്യാഭ്യാസം	രാജീവ് ശ്രീധർ
ധനകാര്യം	ഗീതാ രാജു.

നിർവ്വഹണോദ്യോഗസ്ഥർ

സെക്രട്ടറി
അസിസ്റ്റന്റ്എഞ്ചിനിയർ
അഗ്രിക്കൾച്ചർ ഓഫിസർ
വി.ഇ.ഒ.
വെറ്ററിനറി സർജൻ
ഐ.സി.ഡി.എസ്. സൂപ്പർവൈസർ

എം.ഒ., പി.എച്ചി.സി.
എം.ഒ., ആയുർവേദം

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ് .

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും.

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ , ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ , ഓഡിറ്റ് ശുപാർശകൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില , ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. റസീപ്റ്റ് & പേമെന്റ് അക്കൗണ്ട്
4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്

ഭാഗം 1 : പൊതു അവലോകനം

<u>ഭാഗം -1</u>
<u>പൊതു അവലോകനം</u>

<u>പൊതു അവലോകനം</u>

1-1 ബജറ്റ്

2012-13 വർഷത്തെ ബജറ്റ് 21.3.2012ലെ തീരുമാനപ്രകാരം ധനകാര്യ സ്ഥിരം സമിതി പാസ്സാക്കിയിട്ടുണ്ട്.എന്നാൽ കേരള പഞ്ചായത്ത് രാജ് നിയമം 214- വകുപ്പ് അനുശാസിക്കും പ്രാകാരമുള്ള നിബന്ധനകൾ പാലിച്ചുകൊണ്ട് വിവിധ സെക്ഷനുകളിൽ നിന്നും സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നുമുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചിരുന്നോ ഏന്നുള്ള വിവരങ്ങൾ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് കമ്മിറ്റിയുടെ 23.3.2012 ലെ 1--ാംനമ്പർ തീരുമാന പ്രകാരം ടി ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

പ്രാരംഭ ബാക്കി _ 1,49,10,551 /- രൂപ

പ്രതീക്ഷിത വരവ് _ 4,05,63,000/- "

ആകെ _ 5,54,73,551/- "

പ്രതീക്ഷിതചെലവ് _ 4,76,16,000/- "

പ്രതീക്ഷിതനീക്കിയിരിപ്പ് _ 78,57,551/- "

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം പ്രാരംഭ ബാക്കി 93,31,687/- രൂപയും സാമ്പത്തിക വർഷത്തെ ആകെ വരവ് 4,11,08,696രൂപയും ആകെ ചെലവ് 3,83,73,476/-രൂപയും നീക്കിയിരിപ്പ് 12066907/- രൂപയുമാണ്.

പദ്ധതി അംഗീകാരത്തിനുശേഷം ബജറ്റ് പുതുക്കിയില്ല

ഓരോ സാമ്പത്തിക വർഷത്തെയും തദ്ദേശ സ്വയം ഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണന്ന നിർദ്ദേശം പാലിച്ചിട്ടില്ല.പദ്ധതിക്ക് അംഗീകാരം ലഭിച്ച 30-4-2013 ന് ശേഷം ബജറ്റ് പുതുക്കാതിരുന്നത് പദ്ധതി ആസൂത്രണ മാർഗരേഖ ഖ .നം-14 ന്റെ ലംഘനമാണ്.ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകാരം ലഭിക്കുന്നതിന് മുൻപായി പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ലായെങ്കിൽ,അംഗീകാരം ലഭിച്ചയുടൻ പദ്ധതികൂടിയുൾപ്പെടുത്തി ബജറ്റ് പുതുക്കി തയാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്.

1-2 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വരവിനങ്ങളുടെ രജിസ്റ്ററുകൾ

വരവിനങ്ങളായ തൊഴിൽ നികുതി, വസ്തുനികുതി, ബിൽഡിംഗ് പെർമിറ്റ് എന്നിവയുടെ രജിസ്റ്ററുകൾ സാമാന്യം തൃപ്തികരമായാണ് സൂക്ഷിച്ചിരിക്കുന്നത്.

ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് അപേക്ഷകൾ - പരിശോധനയിൽ കണ്ട അപാകതകൾ

1. ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കി ലൈസൻസ് അനുവദിച്ചതായുള്ള രേഖപ്പെടുത്തലുകൾ ഇല്ല. (ഉദാ: വി.എൻ.പ്രഭാകരൻ നായർ, മഞ്ഞക്കുഴിയിൽ, എലിക്കുളം പി.ഒ.,-ജൗളിവ്യാപാരം, റെജി ജോസ്, ആലപ്പാട്ടുകുന്നേൽ-ഐസ്ക്രീം വ്യാപാരം)
2. ദിവസ വിറ്റുവരവ് രേഖപ്പെടുത്താത്ത ധാരാളം അപേക്ഷകൾ ശ്രദ്ധയിൽപ്പെട്ടു. ഉദാ: ക്രിസ്റ്റൽ കമ്പ്യൂട്ടർ സൊല്യൂഷൻസ്, കെ.ആർ.സി.പെയിന്റ്സ് & ഹാർഡ്‌വെയേഴ്സ്
3. ലൈസൻസ് പുതുക്കി നൽകുമ്പോൾ അപേക്ഷകനിൽ നിന്നും മുപ്പത് മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡ് വിജ്ഞാപനം പാലിക്കുന്നുണ്ടെന്ന ഉടമ്പടി പത്രം വാങ്ങിസൂക്ഷിക്കുന്നില്ല.(ത.സ്വ. ഭ. വകുപ്പിന്റെ 16/03/07 ലെ ഉത്തരവ് നം -ജി. ഒ(ആർ .റ്റി 795/07)
4. ലൈസൻസ് പുതുക്കി നൽകുമ്പോൾ സ്ഥലനാമം ഇംഗ്ലീഷിലും മലയാളത്തിലും എഴുതി പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല.

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നവരിൽ നിന്ന് പരസ്യനികുതി ഈടാക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് അനുവദിക്കുന്നത് പ്രകാരം പരസ്യനികുതി ഈടാക്കാതിരിക്കുന്നത് പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാക്കുന്നുണ്ട്.

1-3 വാർഷിക പദ്ധതി അവലോകനം

പഞ്ചായത്തിന്റെ 12-13 ലെ വാർഷിക പദ്ധതിക്ക് നം. 1835/12/DPC/DPO/KTM തീ. 30/4/13 പ്രകാരം അന്തിമ അംഗീകാരം ലഭിച്ചു. 17 സ്പിൽ ഓവർ പ്രോജക്റ്റുകൾക്കും 111പുതിയ പ്രോജക്റ്റുകൾക്കുമുൾപ്പടെ ആകെ 128 പ്രോജക്റ്റുകൾക്കാണ് അംഗീകാരം ലഭിച്ചത്. അംഗീകാരം ലഭിച്ച 128പ്രോജക്ടുകളിൽ 109എണ്ണം തൻവർഷം നടപ്പാക്കി. പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിങ്ങ്ഗ്രൂപ്പുകൾ രൂപീകരിക്കുകയും 21.7.2012ൽ കൂടിയ യോഗത്തിൽകരട് പ്രോജക്റ്റ് നിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്തിരുന്നു. 2012 ഓഗസ്റ്റ് മാസം 16വാർഡുകളിലും പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് ഗ്രാമസഭകൾ കൂടുകയുണ്ടായി. 07/09/2012 തീയതിയിൽ വികസനസെമിനാർ കൂടി കരട് പ്രോജക്റ്റ് ചർച്ച ചെയ്തു. 1/9.10.2012 നമ്പർ തീരുമാനപ്രകാരം പ്രോജക്റ്റിന് ഭരണാനുമതി ലഭിച്ചു. 12-ാം/ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിക്കുന്നതുപോലെ ഗ്രാമസഭയുടെ കോറം തികയുന്നതിനുള്ള പങ്കാളിത്തം ഉറപ്പു വരുത്തി എന്നു തെളിയിക്കുന്നതിന് മിനിട്ട്സ് ബുക്കിൽ യോഗങ്ങളുടെ ഫോട്ടോഗ്രാഫുകൾ ഉൾപ്പെടുത്തിയിട്ടില്ല. യോഗങ്ങളുടെ മിനിട്ട്സ് പങ്കെടുത്ത 10 പേർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല.

പഞ്ചായത്തിനു ലഭിച്ച വിവിധ സർക്കാർ വിഹിതങ്ങളുടെ വരവ്ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	ചെലവുശതമാനം
വികസനഫണ്ട് - ജനറൽ	1,87,352	62,12,000	63,99,352	53,86,987	10,12,365	84
,, -എസ്.സി.പി.	16,20,619	19,19,000	35,39,619	28,24,089	7,15,530	80
,, -റ്റി.എസ്.പി.	35,000	57,000	92,000	25,000	67,000	27
13-ാംധന.കമ്മീ. ഗ്രാന്റ്	5,38,104	34,69,248 ബജറ്റ് വിഹിതം 3468859 ആണ്. 389 അധികം വരവ് ഉണ്ട്	40,07,352	38,03,758	2,03,594	95
ലോകബാങ്ക് ഗ്രാന്റ്	1,53,340	20,02,000	21,55,340	16,90,975	4,64,365	78
മെ.ഗ്രാ.- റോഡിതരം	2,60,152	15,11,000	17,71,152	10,77,772	6,93,380	61
,, - റോഡ്	15,150	27,74,000	27,89,150	27,88,178	972	99.96

പദ്ധതിയുടെ നേട്ടങ്ങളും കോട്ടങ്ങളും

പദ്ധതിവിഹിതം നിശ്ചിതശതമാനം(60%) ചെലവഴിക്കുവാൻ കഴിഞ്ഞതിനാൽ 2014-15 വർഷം ഷോർട്ട്ഫാൾ ഒഴിവാക്കുവാൻ കഴിഞ്ഞു. ഫ്രണ്ട് ഓഫീസ് സംവിധാനം പരിഷ്ക്കരിക്കുകയും കമ്പ്യൂട്ടർവത്ക്കരിക്കുകയും ചെയ്തു.

കാർഷിക/മൃഗസംരക്ഷണ മേഖലയിൽ കാര്യമായ പ്രോജക്ടുകളൊന്നും നടപ്പിലാക്കുവാൻ സാധിച്ചില്ല. 11 അംഗനവാടികളുടെ അറ്റകുറ്റപ്പണികൾക്കായി പ്രോജക്ടുകൾ വിഭാവനം ചെയ്തെങ്കിലും 5 പ്രോജക്ടുകളേ നടപ്പാക്കിയിട്ടുള്ളൂ. പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കി. അംഗനവാടികളുടെ വൈദ്യുതീകരണം പ്രോജക്ട് വിഭാവനം ചെയ്തിരുന്നെങ്കിലും നടപ്പാക്കിയില്ല. 23 റോഡുകളുടെ കോൺക്രീറ്റിംഗും 18 റോഡുകളുടെ അറ്റകുറ്റപ്പണികളും പൂർത്തിയാക്കി. പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ്, ആയുർവേദാശുപത്രി മെയിന്റനൻസ് തുടങ്ങിയവ നടപ്പാക്കി. അറവുശാലനിർമ്മാണത്തിന് 40,00,000/- രൂപ വകയിരുത്തിയെങ്കിലും നടപ്പിലാക്കിയിട്ടില്ല.

<u>അസിസ്റ്റന്റ്എഞ്ചിനിയർ നിർവ്വഹണം നടത്തിയ പദ്ധതികൾ</u>

അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ റോഡ് പ്രവൃത്തികളിൽ ഭൂരിഭാഗവും കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ഇവയിൽ ഭൂരിഭാഗവും, ടെൻഡർ വർക്കുകളായാണ് നടപ്പാക്കിയത്. എല്ലാം രണ്ട് പേർ മാത്രം പങ്കെടുത്ത ടെൻഡറുകളായിരുന്നു. സിംഗിൾ ടെൻഡർ മാത്രമുള്ള ചില പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. ടാറിംഗ് പ്രവൃത്തികളേക്കാൾ കുറച്ച് മാത്രം സാങ്കേതിക സംവിധാനങ്ങൾ വേണ്ടിയിരുന്ന കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഭൂരിഭാഗവും ടെൻഡർ ചെയ്ത് നൽകിയിട്ടും മതിയായ മത്സരം ഉണ്ടാവുകയോ എസ്റ്റിമേറ്റിലും കുറഞ്ഞ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിനോ കഴിഞ്ഞില്ല.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ഐ എ.വൈ, ഇ.എം .എസ്സ് ഭവനങ്ങളെ വസ്തുനികുതി യിൽനിന്നും ഒഴിവാക്കി

-

താഴെപറയുന്ന ഐ എ.വൈ, ഇ.എം .എസ്സ് ,സർക്കാർ ധനസഹായത്താൽ നിർമ്മിച്ചഭവനങ്ങൾ എന്നിവയെ വസ്തുനികുതി യിൽനിന്നും ഒഴിവാക്കിയതായികാണുന്നു

ക്രമ നം	കെട്ടിട നം	ഉടമയുടെ മേൽവിലാസം	കെട്ടിട വിസ്തീർണ്ണം	ഭവന നിർമാണ പദ്ധതിയുടെ പേര്
1	1/217A	രാധാ അപ്പുക്കുട്ടൻ,വടക്കേടത്ത്,നരിയനാനി	രേഖപ്പെടുത്തിയിട്ടില്ല	ഐ.എ,വൈ
2	3/296A	ജോസഫ് മത്തായി,ചൂളായിക്കോട്,ചെങ്ങളം പി.ഒ	,, ,,	,, ,,
3	3/104B	രമാ പൊടിയൻ,പാണ്ടിയാംമുട്ടിൽ,ഒട്ടയ്ക്കൽ ചെങ്ങളം പി.ഒ	50 ച.മീ	ഇ എം എസ്സ്
4	5/269D	ജോയി സേവ്യർ,കുന്നുംപുറത്ത്,പൂവരണി പി ഒ	65.1 ച.മീ	ഐ.എ,വൈ
5	6/481B	ബെന്നി ജോസഫ്,,കടുപ്പേൽ,മല്ലികശ്ശേരി.പി.ഒ	31.6 ച.മീ	ഇ എം എസ്സ്
6	8/166A	കുട്ടപ്പൻ,നിരപ്പേൽ,വഞ്ചിമല പി.ഒ	രേഖപ്പെടുത്തിയിട്ടില്ല	ഐ.എ.വൈ
7	8/90W	റോജിമാത്യൂ,തുണ്ടത്തിൽ,എലിക്കുളം	,, ,,	ഐ.എ.വൈ
8	9/248B1	വി.ബി അപ്പുക്കുട്ടൻ നായർ,വേലംപറമ്പിൽ വീട്,പനമറ്റം	47 ച.മീ	ഐ.എ.വൈ
9	9/54B	ശാരദാമ്മ,പുളിക്കൽ,പനമറ്റം പി.ഒ	60 ച.മീ	ഐ.എ.വൈ
10	1/61C	റെജി റ്റി.കെ,പുളിക്കൻപറമ്പിൽ,നരിയനാനി പി.ഒ	49 ച.മീ	ഇ എം എസ്സ്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207(ഐ) പ്രകാരം തറ വിസ്തീർണ്ണം 30 ച .മീ -ൽ കുറവായ വാസഗൃഹങ്ങളെ മാത്രമെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളൂ ആയതിനാൽ ടി വീടുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്

2-2 തൊഴിൽ നികുതി

2012-13 വർഷം താഴെപ്പറയുന്നസ്ഥാപനങ്ങൾ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായികാണുന്നില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമ നം	സ്ഥാപനത്തിൻെറ പേര്			അർദ്ധ വർഷം
1	സപ്ളൈകോമാവേലി സ്റ്റോർ കൂരാലി	ജീവനക്കാരുടെ തൊഴിൽ നികുതി	സ്ഥാപനതൊഴിൽ നികുതി	1&2
2	മാനേജർ,കോട്ടയംകോപ്പറേറ്റീവ് അർബൻ ബാങ്ക്,പൈക ബ്രാഞ്ച്		സ്ഥാപനതൊഴിൽ നികുതി	2

മേൽപറഞ്ഞ സ്ഥാപനങ്ങൾതൊഴിൽ നികുതി ഒടുക്കാത്തത് സംബന്ധിച്ച് എൻക്വയറി നം:7/17-12-14നല്കി.ലഭിച്ച മറുപടിയിൽ,സപ്ളൈകോമാവേലി സ്റ്റോർ, കൂരാലി എന്ന സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്നും കത്ത് നല്കിയപ്പോൾ തൊഴിൽനികുതി അടയ്ക്കുന്നതിനു നിർവ്വാഹമില്ല എന്ന് വാക്കാൽ മറുപടി നല്കിയതായി പറയുന്നു.കേരള പഞ്ചായത്ത് രാജ് ആക്ട് തൊഴിൽ നികുതി ചട്ടം.205(1),(2),(3) എന്നിവയ്ക്കു വിധേയമായി തൊഴിൽ നികുതി പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.അല്ലാത്തപക്ഷം ചട്ടം 205കെ പ്രകാരമുള്ള ശിക്ഷാ നടപടി എടുക്കേണ്ടതാണ്

2-3 ഗ്ളെന്റോക്ക് റബ്ബർ പ്രോഡക്റ്റ് പ്രൈവറ്റ് ലിമി-ഫാക്ടറികെട്ടിടനിർമ്മാണം -അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കാത്തതു സംബന്ധിച്ച്

ഗ്ളന്റോക്ക് റബ്ബർ പ്രോഡക്റ്റ് പ്രൈവറ്റ് ലിമി-എന്ന സ്ഥാപനത്തിന്ഫാക്ടറി കെട്ടിടംനിർമ്മിക്കുന്നതിനായി ശ്രീ. ജോസഫ് എം.കള്ളിവയലിൽ,മല്ലികശ്ശേരി എന്നയാൾ A2-2148/12,A2-2898/12,A2-5536/12 എന്നിവ പ്രകാരം അപേക്ഷകൾ നല്കിയിട്ടുണ്ട് .അപേക്ഷകൾ പരിശോധിച്ചപ്പോൾ അപേക്ഷകൻ 845.99 ച.മീ ഫാക്ടറി കെട്ടിടംനിർമ്മിക്കുന്നതിനായി നാലു തവണ അപേക്ഷ നല്കിയിട്ടുള്ളതായി കാണുന്നു.ഓരോ അപേക്ഷയും,ന്യൂനതകൾ ഉള്ളതും വ്യത്യസ്തമായ റോഡ്, ലെ ഔട്ട്,പ്ളോട്ട് എന്നിവയോടുകൂടിയതുമാണെന്ന് വ്യക്തമാകുന്നു.ടി അപേക്ഷകന് നാളിതുവരെ കെട്ടിട നിർമ്മാണ അനുമതി നല്കിയിട്ടില്ല.ഗ്രാമപഞ്ചായത്തു സെക്രട്ടറി കോട്ടയം ജില്ല ടൗൺ പ്ളാനർക്കു നല്കിയ 26/06/12-ലെ A2-2898/12 നം കത്തിൽ കെട്ടിട നിർമ്മാണ അനുമതി ലഭിക്കുന്നതിനു മുൻപു തന്നെ കെട്ടിടം പണി തുടങ്ങി ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ചതായി

സൂചിപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ല ടൗൺ പ്ലാനർ ഗ്രാമപഞ്ചായത്തു സെക്രട്ടറിക്ക് നൽകിയ 30/03/13 ലെ നം സി-998/12 കത്തിൽ അപേക്ഷകളിലെ അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.അപാകതകൾ പരിഹരിക്കുന്നതിനും

അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിനും നിർദ്ദേശം നല്കിയിട്ടുണ്ട് ആയതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം15-19/12/14 നല്കി.ലഭിച്ച മറുപടിയിൽ അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് ടിയാന് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട് .എന്നാൽ നാളിതുവരെ ക്രമവൽക്കരിക്കുകയോ,തുടർനടപടികൾ സ്വീകരിക്കുകയൊ ചെയ്തിട്ടില്ല.ആയതിനാൽ കേ.പ. രാ ആക്ട് 235 W വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.കൂടാതെ 235 എ.ബി. വകുപ്പ് പ്രകാരം അനധികൃതമായി കെട്ടിടനിർമ്മാണം നടത്തിയിട്ടുണ്ടെങ്കിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം രാജിയാക്കൽ ഫീസ് ആവശ്യപ്പെട്ടുകൊണ്ട് കെട്ടിടനിർമ്മാണം ക്രമവൽക്കരിക്കേണ്ടതാണ്.

2-4 പ്രവർത്തന രഹിതമായ ഉപകരണങ്ങൾ-ലേലം ചെയ്യേണ്ടതാണ്

പഞ്ചായത്ത് ഓഫീസിനുള്ളിലും പരിസരത്തുമായി പ്രവർത്തനരഹിതമായ 3 പഴയമോട്ടോറുകളും ഒരു ട്രോളിയും അലക്ഷ്യമായി സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഗുണഭോക്തൃസമിതികൾ മുഖേന മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ കുടിവെള്ളപദ്ധതികളുടെ മോട്ടോറുകൾ തിരികെ എല്പിച്ചതാണ് അവയെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. അതുപോലെ വേയ്സ്റ്റ് നിർമ്മാർജ്ജനത്തിനായുള്ള ഓരു ടാങ്ക്(വെർമികംപോസ്റ്റ്) പ്രവർത്തന രഹിതമായ ഒരു ട്രോളി എന്നിവ പഞ്ചായത്ത് പരിസരത്ത് കിടപ്പുണ്ട്. ആയവ ലേലം ചെയ്ത് പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 വനിതാ തൊഴിൽ സംരംഭകേന്ദ്രം-- നിർവ്വഹണത്തിൽ അപാകത.

2012-13 സാമ്പത്തിക വർഷത്തിലെ 131-ാം നമ്പർ പ്രോജക്ടായ 'വനിതാ തൊഴിൽ സംരഭകേന്ദ്രം' എന്ന പ്രവൃത്തി 2011-12 വാർഷികപദ്ധതിയിലെ 21-ാം നമ്പർ പ്രോജക്ടായിരുന്നു. എലിക്കുളം ഗ്രാമപഞ്ചായത്തിലെ പൈകയിലുള്ള പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നിലയിൽ വനിതകൾക്ക് തൊഴിൽ സംരംഭം നടത്തുന്നതിന് രണ്ടു മുറികളും സ്റ്റെയർ റൂമും പണിയുന്നതിനായാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. PWD Schedule of rates(2010) (Revised) പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അടങ്കൽ

13-ാം ധനകാര്യക്കമ്മീഷൻ ഗ്രാന്റ് - 591218
ലോകബാങ്ക് ധനസഹായം - 78000

ആകെ - 669218

ചെലവ് - 564429(DD No. 18979/18.2.2013)

കരാറുകാരൻ - ജോഷി തോമസ്, അമ്പാട്ടു്, പൂവരണി.
എം.ബുക്ക് - 264/11-12
എഗ്രിമെന്റ് നംപർ - 27/11-12 തീയതി 4.1.2012

എഗ്രിമെന്റ് പ്രകാരം 31.3.2012 ന് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ 30.10.2012 ലാണ് പ്രവൃത്തി പൂർത്തിയാക്കിയിരിക്കുന്നത്. 4.1.2012 ന് പ്രവൃത്തിയ്ക്കായി സൈറ്റ് കൈമാറിയിട്ടുള്ളതാണ്. ഇത്രയും കാലതാമസമുണ്ടായിട്ടും ഫൈനൽ ബില്ലിൽ നിന്നും ഫൈൻ ഈടാക്കുകയോ സപ്ലിമെന്ററി എഗ്രമെന്റ് വയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. ഇതുസംബന്ധിച്ച് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നംപർ 10) നൽകിയെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. മേൽ കാരണത്താൽ ചെലവഴിച്ചതുക 564429 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 ഗുണഭോക്തൃ സമിതി നടപ്പാക്കിയ പദ്ധതികൾ-അപാകതകൾ

ഗുണഭോക്തൃസമിതി മുഖേന നടപ്പിലാക്കിയ നിർമ്മാണപ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിർദ്ദിഷ്ട മാർഗ്ഗരേഖനിബന്ധനകൾ പാലിക്കപ്പെട്ടിട്ടില്ല. പ്രവൃത്തി തൃപ്തികരമായി പൂർത്തിയാകുന്നതുവരെ ഗുണഭോക്തൃസമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ഭാവി നടപടികൾ ചർച്ച ചെയ്ത് തീരുമാനിക്കുകയും വേണം. എന്നാൽ പേരിനുമാത്രം (മിക്കപ്പോഴും ഗുണഭോക്തൃസമിതി രൂപീകരണത്തിനുമാത്രം) കമ്മിറ്റി കൂടുന്നതായാണ് കാണുന്നത്. എൻജിനീയർ രേഖപ്പെടുത്തുന്ന അളവുകൾക്കനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാറുടമ്പടിയിലെ നിരക്കുകൾപ്രകാരമുള്ള ബിൽതുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവഴിച്ചിട്ടുള്ള തുകയോ ഏതാണ് കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നല്കേണ്ടത്. എന്നാൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിശദമായ വരവുചെലവുകണക്കുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുകയോ ഗുണഭോക്തൃസമിതിയിൽ അവതരിപ്പിച്ച് അംഗീകാരം നേടുകയോ ചെയ്യുന്നതായിക്കാണുന്നില്ല. ഗുണഭോക്തൃ സമിതി തെരഞ്ഞെടുത്ത അം ഗങ്ങളിൽ നിന്നും വിഭിന്നരായ ആളുകളും കരാറിൽ ഒപ്പുവച്ചതായി കാണുന്നു.

ഉദാ-

പ്രോജക്റ്റ് നംപർ 126/12-13 പഞ്ചായത്ത് ഓഫീസ് മെയിന്റനൻസ് എന്ന വേലയുടെ കരാറിൽ ഒപ്പിട്ടിരിക്കുന്ന ജോസഫ് കോവുക്കുന്നേൽ, ബീനാ ഷാജി കാക്കനാട് എന്നിവരെ ഗുണഭോക്തൃസമിതി തെരഞ്ഞെടുത്തിട്ടില്ല.

3-3 കുടിവെള്ളപദ്ധതികളുടെ വൈദ്യുതിചാർജ്ജ്

പണിപൂർത്തിയാക്കിയ കുടിവെള്ളപദ്ധതികളുടെ സംരക്ഷണം,നടത്തിപ്പ് വാർഷികഅറ്റകുറ്റപ്പണി എന്നിവ ഗുണഭോക്തൃകമ്മറ്റികളെ ഏൽപ്പിക്കേണ്ടതാണ്. വൈദ്യുതിചാർജ്ജ് തുടങ്ങിയവ കമ്മറ്റി വഹിക്കണം. കമ്മറ്റി

തയ്യാറായില്ലായെങ്കിൽ ഗ്രാമപഞ്ചായത്തിന് ഏറ്റെടുത്ത് നടത്താമെങ്കിലും വൈദ്യുതിചാർജ്ജ് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതാണ്. എലിക്കുളം ഗ്രാമപഞ്ചായത്തിലെ കുഴിയൻപ്ലാവ് കുടിവെള്ളപദ്ധതിയുടെ കറന്റ് ചാർജ്ജ് (കൺസ്യൂമർ നമ്പർ 11637) 2012-13 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും അടച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി ഗുണഭോക്തൃകമ്മറ്റികളെ ഏൽപിച്ചിരുന്നോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം 2/14) നൽകിയിരുന്നതിന് പൊതുടാപ്പുകൾ മാത്രമാണെന്നും ഗുണഭോക്തൃകമ്മറ്റിക്ക് കൈമാറിയിട്ടില്ലായെന്നും അറിയിച്ചിരുന്നു. പ്രസ്തുത കുടിവെള്ളപദ്ധതി ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടില്ലായെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതും വൈദ്യുതിചാർജ്ജും മറ്റ് അനുബന്ധചെലവുകളും കമ്മറ്റിക്ക് ഏൽപിച്ച് നൽകേണ്ടതുമാണ്.

3-4 വിരുത്തികുടിവെള്ളപദ്ധതി-എസ്റ്റിമേറ്റ് ,എംബുക്ക് ഹാജരാക്കിയില്ല

2011-12 വർഷം പണിപൂർത്തിയാക്കിയ വിരുത്തികുടിവെള്ളപദ്ധതിക്ക് പൈപ്പ് വാങ്ങുന്നതിനായി തനത് ഫണ്ടിൽ നിന്നും വൌച്ചർ നമ്പർ 30-5/12 പ്രകാരം 10000രൂപ കൺവീനർ ശ്രീ.ജോബി ജേക്കബിന് നൽകിയിരുന്നു(ചെക്ക് നം 20901/10-5-12).കൺവീനർ ഹാജരാക്കിയ ബിൽ പ്രകാരം 63mm പി.വി.സി.പൈപ്പ് 115മീ. വാങ്ങിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കുടിവെള്ളപദ്ധതിക്ക് അധികമായി ആവശ്യമുള്ള പൈപ്പിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല. പൈപ്പ് സ്ഥാപിക്കുന്നതിനായി എർത്ത് വർക്ക് എസ്ക്കവേഷൻ , സപ്ളൈ &ലേയിങ്ങ് പിവിസി പൈപ്പ് എന്നീ ഇനങ്ങളിലെ അളവുകൾ ഉൾപ്പെടുത്തി എം ബുക്ക് തയ്യാറാക്കിയിരുന്നില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/14) ഗ്രാമപഞ്ചായത്ത് മറുപടി ലഭ്യമായിരുന്നില്ല. രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 10000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

3-5 വി.ഇ.ഒ എലിക്കുളം സർക്കിൾ നടപ്പാക്കിയ പ്രോജക്ടുകൾ-നിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച

എലിക്കുളം സർക്കിൾ വി.ഇ.ഒ ശ്രീ.രങ്കു സുരേഷിന്റെ 2012-13വർഷത്തെ ട്രഷറി ബിൽബുക്ക് പരിശോധനയ്ക്ക് ലഭിച്ചില്ല.ഇതു സംബന്ധിച്ചു നൽകിയഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 5/16-12-14)ബിൽബുക്ക് നഷ്ടപ്പെട്ടുപോയി എന്നാണ് മറുപടി നൽകിയത്.ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ,ഡിഡി ഇഷ്യു രജിസ്റ്റർ തുടങ്ങിയ യാതൊരു രജിസ്റ്ററുകളും എഴുതി സൂക്ഷിച്ചിട്ടില്ല.പ്രോജക്ടിന്റെനിർവ്വഹണത്തിലും രജിസ്റ്ററുകൾസൂക്ഷിക്കുന്നതിലും നിർവ്വഹണോദ്യോഗസ്ഥൻ തികഞ്ഞ അലംഭാവം പുലർത്തിയെന്നത് വ്യക്തമാണ്. ഇത് ഗുരുതരമായ കൃത്യവിലോപമാണ്.ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

3-6 സമ്പൂർണ്ണ ശുചിത്വ പദ്ധതി- കക്കൂസ് നിർമ്മാണം-പ്രോജക്ട്നിർവ്വഹണത്തിൽ അപാകതകൾ

പ്രോജക്ട് നം.109/13

	അടങ്കൽ	ചെലവ്
ധനകാര്യകമ്മീഷൻഗ്രാന്റ്	100000-	96300
തനതുഫണ്ട് -	800	------
ടി എസ് സി വിഹിതം -	515200	492200
ആകെ ചെലവ്		588500

ഗ്രാമപഞ്ചായത്ത് വിഹിതം 900രൂപയും ടി എസ് സി വിഹിതം 4600രൂപയും ഉൾപ്പടെ 5500രൂപ വീതം 107 ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിന് സബ്സിഡി നൽകിയിട്ടുണ്ട്.പ്രോജക്ട് നിർവ്വഹണത്തിലെ

അപാകതകൾ ചുവടെ ചേർക്കുന്നു.

1) **അധികതുക പിൻവലിച്ചത് തിരിച്ചടച്ചിട്ടില്ല**

കക്കൂസ് നിർമ്മാണത്തിന് 107 ഗുണഭോക്താക്കൾക്ക് 5500രൂപ നിരക്കിൽ സബ്സിഡിഅനുവദിക്കുന്നതിന് 96300രൂപ ആവശ്യമായിരിക്കെ 1 ലക്ഷം രൂപ താഴെപ്പറയും പ്രകാരം പിൻവലിച്ചിട്ടുണ്ട്.

ബിൽ നം.4/12-13/8-3-13 - 50000രൂപ

ബിൽ നം.25/12-13/25-3-13 - 50000 രൂപ

ആകെ - 100000 രൂപ

അധികം പിൻവലിച്ച 3700രൂപ തിരിച്ചടയ്ക്കാതെ വി.ഇ.ഒ യുടെ പേരിൽ എസ്ബിറ്റിഇളങ്ങുളം ശാഖയിലുള്ള 67035928656 നമ്പർ അക്കൗണ്ടിൽ ശേഷിക്കുന്നു.അധികതുക പിൻവലിക്കാനിടയായ സാഹചര്യവും നാളിതുവരെ തുകതിരിച്ചടയ്ക്കാത്തതിന്റെ

കാരണവും വിശദീകരിക്കേണ്ടതാണ്.തുക അടിയന്തിരമായി കൺസോളിഡേറ്റഡ്ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

2)പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രോജക്ട് സംബന്ധമായ ഫയലുകളും രജിസ്റ്ററുകളും ശരിയായ രീതിയിൽപരിപാലിച്ചിട്ടില്ല.ഗുണഭോക്താക്കളുടെ അപേക്ഷകൾ പലതും അപൂർണ്ണമാണ്.പ്രോജക്ട് സംബന്ധമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഗുണഭോക്താക്കളുമായി കരാർ ചമയ്ക്കുന്നതിന് മുദ്രപ്പത്രം വാങ്ങിസൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ശൂന്യമാണ്.ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചതായി നിർവ്വഹണഉദ്യോഗസ്ഥനോ വാർഡ് മെമ്പർ/ വർക്കിംഗ് ഗ്രൂപ്പ് കൺവീനറോസാക്ഷ്യപ്പെടുത്തിയിട്ടില്ല.

മോണിറ്ററിംഗ് സമിതിയുടെ റിപ്പോർട്ടും ഫയലിൽ സൂക്ഷിച്ചിട്ടില്ല.ഗുണഭോക്താക്കളുടെഎണ്ണം,കൈപ്പറ്റിയ തുക, കൈപ്പറ്റുവിവരങ്ങൾ എന്നിവ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. മേല്പറഞ്ഞ കാരണങ്ങളാൽ പ്രോജക്ടിനു ചെലവഴിച്ച 588500 രൂപയുടെ (96300+492200) ചെലവ് തടസ്സപ്പെടുത്തുന്നു.

3-7 ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വി.ഇ.ഒ എലിക്കുളം സർക്കിൾ നടപ്പാക്കിയ വിവിധ ഭവനനിർമ്മാണപ്രോജക്ടുകളിൽ 4 ഗഡുക്കളായി 2 ലക്ഷം രൂപ സബ്സിഡി അനുവദിക്കുന്നതിന് ഉദ്ദേശിച്ചുള്ളതായിരുന്നു.ഗുണഭോക്താക്കളിൽ പലരും രണ്ടോ മൂന്നോ ഗഡുക്കൾ

കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.വിശദവിവരംചുവടെ ചേർക്കുന്നു.

1) പ്രോജക്ട് നം.11/13

ഭവനനിർമ്മാണം (എസ് സി പി)

അടങ്കൽ ചെലവ്

വികസനഫണ്ട് 1200000 1000000

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	റിമാർക്ക്
റെജി ചെറുമറ്റത്തിൽ	180000	അവസാനഗഡു കൈപ്പറ്റിയിട്ടില്ല.
രാധാമണി കുഞ്ഞച്ചൻ പുളിന്താനത്ത്	180000	അവസാനഗഡു കൈപ്പറ്റിയിട്ടില്ല
ടി.കെ.രാജപ്പൻ പടിഞ്ഞാറെക്കുറ്റ്	180000	അവസാനഗഡു കൈപ്പറ്റിയിട്ടില്ല
ശ്രീധരൻ വടക്കേടത്ത്	180000	അവസാനഗഡു കൈപ്പറ്റിയിട്ടില്ല
ലാലി ശശി നെല്ലാംതടത്തിൽ	80000	മൂന്നും നാലും ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല.

2)പ്രോജക്ട് നം.9/13

ഭവനനിർമ്മാണം (വിധവ)

അടങ്കൽ ചെലവ്

വികസനഫണ്ട് 1000000 540000

ഭവനനിർമ്മാണം പൂർത്തിയാക്കാത്ത ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക	റിമാർക്ക്
മായ ബി കുഴിയകത്ത് പനമറ്റം	180000	അവസാനഗഡു കൈപ്പറ്റിയിട്ടില്ല.
കാഞ്ചനബാബു വല്യവീട്ടിൽ ഉരുളികുന്നം	180000	അവസാനഗഡു കൈപ്പറ്റിയിട്ടില്ല
തങ്കമ്മ ശൗര്യാംമാക്കൽ	80000	രണ്ടും മൂന്നും ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല
ചെല്ലമ്മ രാജൻ തുണ്ടത്തിൽ	80000	രണ്ടും മൂന്നും ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല
മേരിക്കുട്ടി സഹദേവൻ	20000	ഒരു ഗഡു മാത്രം കൈപ്പറ്റി

മേല്പറഞ്ഞ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8 വിവിധ ക്ഷേമപെൻഷനുകൾ -രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

2012-13 വർഷത്തെവിവിധ ക്ഷേമപെൻഷനുകൾ സംബന്ധിച്ച അപേക്ഷകൾ, രജിസ്ററുകൾ എന്നിവ പരിശോധിച്ചപ്പോൾ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. അപേക്ഷയിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

2. രജിസ്ററുകളുടെ സൂക്ഷിപ്പ് തൃപതികരമല്ല.
രജിസ്റ്ററിൽ അപേക്ഷ സമർപ്പിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയ തീയതി, അന്വേഷണ ഉദ്യോഗസ്ഥൻ തിരികെ സമർപ്പിച്ച തീയതി, കമ്മിറ്റി അംഗീകരിച്ച തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിച്ചെങ്കിൽ ആയതിന്റ വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തിക്കാണുന്നില്ല.മേൽ അപാകതകൾ പരിഹരിച്ച് രജിസ്ററുകൾ കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

3-9 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

39396തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനുതകുന്ന ജലസേചനം - തോട് ആഴം കൂട്ടൽ, നീർത്തട പരിപാലനം, വെള്ളപ്പൊക്ക നിയന്ത്രണം, ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം, ഭൂവികസനം ഉൾപ്പടെ 90 പ്രോജക്റ്റുകൾക്ക് ആക്ഷൻ പ്ലാനിൽ അംഗീകാരം ലഭിച്ചു. ഇതിൽ 77എണ്ണം മാത്രമേ തൻവർഷം നടപ്പിലാക്കിയിട്ടുള്ളൂ. . 157 കുടുംബങ്ങൾക്ക് 100 ദിവസത്തിൽ കൂടുതൽ തൊഴിൽ ലഭിച്ചു. ഗ്രാമപഞ്ചായത്തിലെ 16 വാർഡിലെ ഗ്രാമസഭകളും ലേബർ ബജറ്റ് തയ്യാറാക്കിയിരുന്നു. 16 ഗ്രാമസഭകളിലും സോഷ്യൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. 2012-13 വർഷം പഞ്ചായത്തിലെ 1874 പേർക്ക് തൊഴിൽകാർഡ് നൽകി. പഞ്ചായത്തിലെ 16 വാർഡുകളിലുള്ള 135അയൽക്കൂട്ടങ്ങളിൽ 135 എണ്ണവും പദ്ധതിയുമായി സഹകരിച്ചു. ഗ്രാമപഞ്ചായത്തിൽ നിന്നും പണിയായുധങ്ങൾ വാങ്ങി നൽകിയിട്ടില്ല. 2012-13 വർഷം തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജോലി ചെയ്യാത്ത ദിവസത്തെ മസ്റ്റർ റോൾ ഒപ്പിട്ടതുമായി ബന്ധപ്പെട്ട് പ്രസ്തുത ആൾക്കാരെ തുടർന്നുള്ള ജോലികളിൽ നിന്നും മാറ്റി നിർത്തുകയും വിഷയം ഗ്രാമപഞ്ചായത്ത്, ബി.ഡി.ഒ ക്ക് റിപ്പോർട്ട് ചെയ്യുകയും ബി.ഡി ഒ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട് .

പദ്ധതി പ്രകാരമുള്ള വരവു ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	19564
വരവ്	70,00,000
പലിശ വരവ്	20490
ആകെ	70,40,054
ചെലവ്	69,24,848
നീക്കിയിരിപ്പ്	1,15,206

ഭാഗം 4

ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2012-13 വാർഷികക്കണക്കുകൾ പരിശോധിച്ച് എൽ.എഫ്.കെ.പി-14/ജിപി-9/13 തീയതി 31.12.13 പ്രകാരം വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്. അപാകതകൾ 2013-14 വർഷം പരിഹരിച്ചിട്ടുണ്ട്.

ഫണ്ട് ഡവല്യൂഷൻ സ്റ്റേറ്റ്മെന്റും വാർഷികക്കണക്കുകളുമായി പൊരുത്തപ്പെടുന്നില്ലാത്തതിനാൽ കൃത്യമായ സാമ്പത്തികനില ചേർക്കാൻ സാധിക്കുന്നില്ല. വാർഷികക്കണക്കുകൾ പ്രകാരമുള്ള വരവ്-ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ് - 9331687

വരവ് - 41108696

ആകെ - 50440383

ചെലവ് - 38373476

നീക്കിയിരിപ്പ് - 12066907

നീക്കിയിരിപ്പിന്റെ വിശദാംശം (വാർഷിക കണക്കുകൾ പ്രകാരം)

പോസ്റ്റ് ഓഫീസ്		6472
എസ്.സി.ബി.		1600711
വി.പി.എഫ്.എ1		7109137
വി.പി.എഫ് എ 1(Old)		95
എസ്.ബി.റ്റി.(NREGS)		115206
എസ്.സി.ബി.(സാക്ഷരത)		41123
എസ്.സി.ബി(Relief Fund)		660
വി.പി.എഫ്.എ 2എ)		1012365
വി.പി.എഫ്.എ 3		694352
വി.പി.എഫ്.എ 4		203594
വി.പി.എഫ്.എ 5		464365
വി.പി.എഫ്.എ 2(ബി)		715530

വി.പി.എഫ്.എ 2 (സി)	67000
കൈയിരുപ്പ് പണം	36297
ആകെ	12066907

4-2 ഓഡിറ്റ് റിക്കവറി

ഇല്ല

റിപ്പോർട്ട് വർഷം	ഖണ്ഡിക	തിരികെ ഈടാക്കിയ തുക		ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നമ്പർ, തീയതി	ഏത് ഫണ്ടിൽ തിരിച്ചടച്ചു	ചെലാൻ നമ്പർ , തീയതി
		വരവ് നഷ്ടം	ചെലവ് നഷ്ടം				

4-3 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	50440383
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	38373476
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	1162929

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം -- ഇല്ല.

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	

സി) തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3.1	564429	ശ്രീ.ടോമിച്ചൻ ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ
3.4	10000	ശ്രീ.വി.ജി.ജയകുമാർ, സെക്രട്ടറി
3.6	588500	ശ്രീ.രെങ്കു സുരേഷ്, വി.ഇ.ഒ.
ആകെ	1162929	

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നമ്പർ :

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക വിലാസം	സ്ഥിരം വിലാസം

ജി) ഓഡിറ്റ് സംഗ്രഹം

ഓഡിറ്റിന്റെ ഭാഗമായി 14 എൻക്വയറികൾ നൽകിയെങ്കിലും 7 എണ്ണത്തിനു മാത്രമേ മറുപടി ലഭ്യമാക്കിയുള്ളു.

4-4 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98(ചെലവ്)	എൽ.എഫ്.കെ.പി.12/1533/13 അദാ/31.5.2014
1998-99(ചെലവ്)	എൽഎഫ്.കെ.പി.12/1533/13(10)അദാ/31.5.2014
1996-97(ചെലവ്)	എൽ.എഫ്.കെ.പി.12/1533/13(7)/അദാ/31.5.2014
1996-97(വരവ്)	എൽ.എഫ്.കെ.പി.12/1533/13(6)/അദാ/31.5.2014
1999-2000	എൽ.എഫ്.കെ.പി.12/1533/13(13)/അദാ/31.5.2014
2000-01,01-02(പ്ലാൻ)	എൽ.എഫ്.കെ.പി.12/1533/13(14)/അദാ/31.5.2014
2001-02	എൽ.എഫ്.കെ.പി.12/1533/13(15)/അദാ/31.5.2014
2002-03(ചെലവ്)	എൽ.എഫ്.കെ.പി.8/1000/05 തീ.26.5.07
2003-04(ചെലവ്)	എൽ.എഫ്.കെ.പി.3/401/11 തീ.29.7.2011/7.12.12
2002-03(വരവ്)	എൽ.എഫ്.കെ.പി,4/591/08 തീ.28.3.09/11.6.09
2003-04(വരവ്)	എൽ.എഫ്.കെ.പി.3/402/11 തീ.11.6.2011/3.8.11
2004-05	എൽ.എഫ്.കെ.പി.3/403/11 തീ.4.7.2011/3.8.11
2005-06	എൽ.എഫ്.കെ.പി3/404/11 തീ. 29.7.2011/4.2.12
2006-07	എൽ.എഫ്.കെ.പി4/598/10 തീ 15.11.2010
1999-00(ചെലവ്)	എൽ.എഫ്.കെ.പി6/55/03 തീ.10.62003
2007-08	എൽ.എഫ്.കെ.പി4/599/10 തീ.19.11.2010
2008-09	എൽ.എഫ്. കെ.പി.12/1440/12 തീ. 5.12.2012
2009-10	എൽ.എഫ്.കെ.പി.12/1440/12 തീ. 5.12.2012
2010-11,2011-12	എൽ.എഫ്.കെ.പി.12/1494/13 തീ. 9.1.2014

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-5 ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ) ചാർജ് / സർചാർജ് നോട്ടിസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട് നഷ്ടം	ചാർജ് നോട്ടി സ്	സർചാർ ജ് നോട്ടി	നോട്ടിസ് പ്രകാരമുള്ള തുക	അടവാക്കിയ തുക	അടവാക്കിയ ആളുടെ പേരും രസീത്	ബാക്കി	റിമാർക്സ്

		റെഫറൻസ് നമ്പർ/ തീയതി	സ് റെഫറൻസ് നമ്പർ/ തീയതി			നമ്പറും333 തീയതിയും		
				ഇല്ല				

ബി) ചാർജ് / സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ / ഈടാക്കിയ തുകയുടെ വിവരം

ക്രമ നമ്പർ	ഓഡിറ്റ് റിപ്പോർട്ട് നഷ്ടം	ചാർജ് സർട്ടിഫിക്കറ്റ് റെഫറൻസ് നമ്പർ/ തീയതി	സർചാർജ് സർട്ടി ഫിക്കറ്റ് റെഫറൻസ് നമ്പർ/ തീയതി	സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക	അടവാക്കിയ തുക	അടവാക്കിയ ആളുടെ പേരും രസീത് നമ്പറും തീയതി യും	ബാക്കി	റവന്യൂ റിക്കവറി നടപടികളിലൂ ടെ ഈടാക്കിയ ത്തുക	റിമാർക്സ്
				ഇല്ല					

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ല ഓഫീസ്, കോട്ടയം

അനുബന്ധം - 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **എലിക്കുളം** ഗ്രാമപഞ്ചായത്തിന്റെ 2012-13ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 4-1 ൽ വിവരിക്കുന്ന അപാകതകൾ ഒഴിച്ചാൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് **എലിക്കുളം**ഗ്രാമപഞ്ചായത്തിന്റെ2012-13വർഷത്തെ വരവുചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നതായി അഭിപ്രായപ്പെടുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉം അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ്

ജില്ലാ ഓഫീസ്, കോട്ടയം